കൂട്ടായ്മ വിരുന്ന് ജൂൺ 2019

വചനവിചിന്തനം

സീസറിന് നികുതി കൊടുക്കണമോ?

(മർക്കോസ് 12:13-17)

സുവിശേഷ പശ്ചാത്തലം

ജെറുസലേം ദേവാലയ അങ്കണത്തിലെ ചൂഷണത്തിനെതിരെയുള്ള ഈശോയുടെ ആധികാരികമായ ഇടപെടൽ യഹൂദമത അധികാരികളെ ചൊടിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്തിരുന്നു. അതിനാൽ ഈശോയുടെ പേരിൽ ആരോപണങ്ങളുയർത്തി അവിടുത്തെ തടവിൽ ആക്കുക എന്ന തന്ത്രമാണ് അവർ പയറ്റുന്നത്. അതിനായി ഈശോയെ ഏതെങ്കിലും തരത്തിൽ വാക്കിൽ കുടുക്കാൻ പറ്റുമോ എന്ന് യഹൂദ നേതാക്കൾ ഗലീലിയിൽ വച്ചും ജെറുസലേമിൽ വച്ചും പല തവണ ശ്രമിച്ചു നോക്കിയതാണ്. ഈ സുവിശേഷഭാഗത്ത് തമ്മിൽ ഒരു കാര്യത്തിനും യോജിക്കാൻ പറ്റാത്തവിധം വ്യത്യസ്തരായ ഫരിസേയരെയും ഹേറോദോസ് പക്ഷക്കാരെയും ഒരുമിച്ചു കൂട്ടിയാണ് ഈശോയുടെ അടുത്തേക്ക് ഒരു ചോദ്യവുമായി അവർ പറഞ്ഞയക്കുന്നത്. ചോദ്യത്തിന് ഈശോ ഏതു ഉത്തരം പറഞ്ഞാലും ഒരു ഗ്രൂപ്പ് പിണങ്ങുകയും പ്രകോപിതരാകുകയും ചെയ്യും.

ചരിത്ര പശ്ചാത്തലം

യഹൂദരിൽ ഒരു നല്ല ശതമാനം ആളുകളെ സംബന്ധിച്ചും വിജാതീയരായ റോമാക്കാർക്ക് കപ്പം കൊടുക്കേണ്ടത് അസഹനീയമായിരുന്നു. മൂന്നു തരത്തിലുള്ള പ്രതികരണമാണ് യഹൂദർക്ക് ഈ കാര്യത്തിൽ ഉണ്ടായിരുന്നത്. ഒന്നാമത്തെ ഗണം വി. തോറയെയും ദേവാലയത്തെയും പ്രതി തീവ്രവാദികൾ അഥവാ zealots എന്ന് അറിയപ്പെട്ടിരുന്നു. റോമാക്കാർക്ക് നികുതി

കൊടുക്കുന്നത് അവർ ശക്തിയുക്തം എതിർത്തിരുന്നു. കാരണം അത് അടിമത്തത്തിന്റെ ഒരു ബാഹ്യഅടയാളവും ദൈവത്തിൻറെ അധികാരത്തിലുള്ള കൈകടത്തലും ആയി അവർക്ക് അനുഭവപ്പെട്ടു. രണ്ടാമത്തെ ഗണം ഇങ്ങനെയൊരു നികുതി റോമിന് കൊടുക്കുന്നത് യഹൂദ ജനത്തെ അപമാനിക്കുന്നതിന് തുല്യമാണെന്ന് വാദിച്ചിരുന്നു. എങ്കിലും പ്രായോഗികത കണക്കിലെടുത്ത് അത് കൊടുക്കാൻ തയ്യാറായി. മൂന്നാമത്തെ ഗണമായ ഹെറോദേസ് പക്ഷക്കാർ റോമൻ ചക്രവർത്തിമാരുടെ കീഴിൽ പാലസ്തീന ഭരിച്ചിരുന്ന ഹേറോദോസ് കുടുംബക്കാരെ പിന്തുണച്ചിരുന്നവരാണ്. അതിനാൽ റോമാക്കാർക്കു നികുതി കൊടുക്കുന്നത് അവർ അനുകൂലിച്ചിരുന്നു.

ഈശോക്ക് ഒരുക്കിയ കെണി

ഇങ്ങനെ അസ്വസ്ഥത നിലനിന്നിരുന്ന ഒരു രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ആഴത്തിൽ ചിന്തിച്ചുറച്ച ഒരു കെണിയുമായി യഹൂദ നേതാക്കൾ ഈശോയെ സമീപിച്ചത്. മുഖസ്തുതി പറഞ്ഞ് ഈശോയെ പുകഴ്ത്തി കെണിയിൽ വീഴ്ത്താനാണ് ആദ്യം ശ്രമിക്കുന്നത്. അവരുടെ വീക്ഷണത്തിൽ ഈശോയാണ് ഏറ്റവും നല്ല അധ്യാപകൻ എന്ന് അവർ ആത്മാർത്ഥത അഭിനയിച്ച് ഈശോയോട് പറയുകയാണ്. നികുതി സീസറിന് കൊടുക്കണമോ എന്ന ചോദ്യത്തിന് കൊടുക്കണ്ട എന്ന് ഈശോ പറഞ്ഞാൽ അത് ഹേറോദോസ് പക്ഷക്കാർ ഉടനെ റോമൻ അധികാരികളെ അറിയിക്കുകയും അങ്ങനെ ഈശോയെ അറസ്റ്റ് ചെയ്തു തടവിലാക്കുകയും ചെയ്യും. നികുതി കൊടുക്കണം എന്നാണ് പറയുന്നതെങ്കിൽ ഫരിസേയരും ഭൂരിഭാഗം യഹൂദരും ഈശോയെ റോമാക്കാരുടെ ഏജൻറ് ആക്കി മുദ്രകുത്തി ജനമധ്യത്തിൽ പേരുദോഷം വരുത്തുകയും ചെയ്യും. എന്നാൽ ഈശോ അവരുടെ ചോദ്യത്തിൽ അടങ്ങിയിരുന്ന കാപട്യം മനസ്സിലാക്കിയെങ്കിലും അവരുടെ ചോദ്യത്തിന് ഉത്തരം കൊടുക്കാൻ ഒരുങ്ങുകയാണ്. ഇന്ത്യൻ രൂപ ഏകദേശം 6 രൂപ മൂല്യം വരുന്ന, ഒരാളുടെ ഒരു ദിവസകൂലി ആയ ഒരു ദനാറ ആയ ഒരു റോമൻ വെള്ളിനാണയം വാങ്ങി കാണിച്ചിട്ടാണ് ഈശോ ഉത്തരം പറയുന്നത്. ഈ നാണയത്തിന്റെ ഒരു പുറത്ത് എ. ഡി. 14 - 37ന് ഇടയ്ക്ക് റോമൻ ചക്രവർത്തിയായിരുന്ന തിബേരിയൂസ് സീസറിന്റെ രൂപവും മറുവശത്ത് തിബേരിയൂസ് സീസർ അഗസ്റ്റസ് - ദൈവീക

ആഗസ്റ്റസിന്റെ പുത്രൻ എന്നും എഴുതിയിരുന്നു. പല റോമൻ ചക്രവർത്തിമാരും സ്വയം ദൈവങ്ങളായി കരുതുകയും പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

വിചിന്തനം

ഈ നാണയം ആരുടേതാണ് എന്നാണ് ഈശോ ചോദിക്കുന്നത്. എന്നിട്ട് ഉത്തരം പറയുന്നു: സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക. ചക്രവർത്തിയുടെ രൂപമുള്ള നാണയം തീർച്ചയായും അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്. അത് ഉപയോഗിക്കുന്നവർ അദ്ദേഹത്തിന്റെ അധികാരത്തെ ബഹുമാനിക്കുന്നവരാണ്. അവർ അദ്ദേഹം ആവശ്യപ്പെടുന്ന കപ്പം കൊടുക്കണം.

അതോടൊപ്പം തന്നെ ദൈവത്തിൻറെ ദൈവത്തിന് കൊടുക്കണമെന്നും ഈശോ നിർദേശിക്കുന്നു സീസറിനുള്ളത് ഏത്? ദൈവത്തിനുള്ളത് ഏത്? എന്ന് വേർതിരിക്കാനുള്ള ഉത്തരവാദിത്വം ഈശോ അവർക്ക് തന്നെ നൽകുകയാണ്. വേണം അഥവാ വേണ്ട എന്ന് ഉത്തരം പ്രതീക്ഷിച്ചു വന്നവരോട് ആണ് ഇങ്ങനെ ഒരു ഉത്തരം ഈശോ പറയുന്നത്. ഇത് കേട്ട് എതിരാളികൾ പോലും വിസ്മയിച്ചു എന്നാണ് ആണ് സുവിശേഷകൻ രേഖപ്പെടുത്തുന്നത്.

ഓരോ പൗരനും താൻ അംഗമായിരിക്കുന്ന രാജ്യത്തോട് കടപ്പെട്ടിരിക്കുന്നു. അത് തനിക്ക് ദൈവത്തോടുള്ള ഉള്ള കടപ്പാടിനെ മറികടന്നുകൊണ്ടും ഇല്ലാതാക്കിക്കൊണ്ടുമല്ല എന്ന് മാത്രം. ദൈവത്തിൻറെ ചായയും രൂപവും വഹിക്കുന്ന എല്ലാ മനുഷ്യരും ആദ്യം കടപ്പെട്ടിരിക്കുന്നത് ദൈവത്തോടാണ്. എന്നാൽ ആ കടപ്പാട് മറ്റ് കടമകൾ ഇല്ലാതാകുന്നില്ല. എല്ലാ മനുഷ്യരിലും ദൈവത്തിൻറെ രൂപവും സാദൃശ്യമുണ്ട്. എല്ലാ മനുഷ്യരും ദൈവത്തിന്റെതാണ്. ചക്രവർത്തിയുടെ രൂപം കൊത്തി പ്രസിദ്ധീകരിച്ച നാണയങ്ങൾ ചക്രവർത്തിയുടെത് ആകുന്നതുപോലെ ദൈവത്തിൻറെ ചായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റേതാണ്. സഭാപിതാവായ തെർത്തുല്യൻ പറയുന്നു: "ചക്രവർത്തിക്ക് നീ പണം മാത്രമാണ് നൽകുന്നത്. എന്നാൽ ദൈവത്തിന് നീ നിന്നെ തന്നെ കൊടുക്കണം".

ചോദ്യങ്ങൾ

1. ഉദ്ദേശ്യശുദ്ധിയില്ലാതെ ചോദ്യങ്ങൾ ചോദിക്കുന്നത് തിന്മയിൽ നിന്നല്ലേ വരുന്നത്?
2. നികുതി വെട്ടിപ്പ് നടത്തുന്നത് പാപമാണോ?
3. രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളേക്കാൾ, പ്രസ്ഥാങ്ങളെക്കാൾ ദൈവത്തെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടതല്ലേ?
4. ഒരു വിശ്വസി ഒരു നല്ല പൗരൻ ആയിരിക്കുമെങ്കിൽ മറ്റ് എന്തെല്ലാം ഉത്തരവാദിത്തങ്ങൾ നിറവേറ്റണം?

ചർച്ചാവിഷയം

ഐക്യരാഷ്ട്രസഭ ജൂൺ അഞ്ചിന് ലോക പരിസ്ഥിതിദിനം ആചരിക്കുകയാണ്. “വായു മലിനീകരണത്തെ ചെറുക്കുക” എന്നതാണ് ഈ വർഷത്തെ പ്രത്യേക വിഷയമായി എടുത്തിരിക്കുന്നത്. 100 -ൽ അധികം രാജ്യങ്ങൾ കൈകോർക്കുന്ന ലോകത്തിലെ ഏറ്റവും വലിയ സംഭവങ്ങളിൽ ഒന്നാണ് ലോകപരിസ്ഥിതി ദിനം. 1974 മുതൽ ഇത് ആചരിച്ചു വരുന്നു. പ്രകൃതിയെ സംരക്ഷിക്കുന്നതിന് ഉജ്വലമായ ആശയങ്ങൾ കൈമാറാനും, സമൂഹങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും വ്യക്തികൾക്കും ആഗോളമായ കാഴ്ചപ്പാടിൽ വ്യാപകമായ പ്രവർത്തങ്ങളിലൂടെ സംഭാവനകൾ ചെയ്യാൻ വേദിയൊരുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ഭൂമിയിലെ 92% മനുഷ്യരും മലിനമായ വായുവാണ് ശ്വസിക്കുന്നത്. അതായത് നമ്മളിൽ 10 ൽ 9 പേര് അശുദ്ധവായു ശ്വസിക്കുന്നു. പ്രതിവർഷം 70 ലക്ഷം മനുഷ്യർ വായുമലിനീകരണം നിമിത്തം അകാലമരണം പ്രാപിക്കുന്നു. ഇതിൽ 40 ലക്ഷം പേരും നമ്മൾ അധിവസിക്കുന്ന ഏഷ്യ-പെസഫിക് ഭൂഖണ്ഡത്തിൽ ആണ് മരിക്കുന്നത്.

നമുക്ക് ശ്വസിക്കാതിരിക്കാൻ ആകില്ല, പക്ഷെ ശ്വസിക്കുന്ന വായുവിനെ മെച്ചപ്പെടുത്താൻ പലതും നമുക്ക് ചെയ്യാനാകും...

2030 ആകുമ്പോഴേക്കും ധാന്യവിളയിൽ 16 ശതമാനം കുറവ് വായുമലിനീകരണം നിമിത്തം സംഭവിക്കുമെന്നാണ് പഠനങ്ങൾ മുന്നറിയിപ്പു നൽകുന്നത്.

വിശുദ്ധഗ്രന്ഥത്തിൽ ഉല്പത്തി പുസ്തകം 2: 5-19 പ്രപഞ്ചസൃഷ്ടിയെ വിവരിക്കുന്ന ഭാഗത്ത് ദൈവം മനുഷ്യനെ സൃഷ്ടിയുടെ മകുടം ആക്കികൊണ്ട് ഏതൻതോട്ടം രൂപകല്പന ചെയ്യുന്നതും ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ സകല പക്ഷികളെയും രൂപപ്പെടുത്തുന്നതും വിവരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നമുക്കുണ്ടാവുന്ന രണ്ട് തെറ്റിദ്ധാരണകളെ ഫ്രാൻസിസ് മാർപാപ്പ തിരുത്തുന്നുണ്ട്. ഒന്ന്: ഈ ഭൂമിയുടെ ഉടയോനായി നമ്മളെ തന്നെ നാം പരിഗണിക്കുന്നതിൽ നിന്ന് ഉരുതിരിയുന്നതാണ്. ഈ പ്രകൃതി നമുക്ക് ഇഷ്ടംപോലെ ഭരിക്കാവുന്ന സ്വകാര്യ സ്വത്തല്ല. മറിച്ച് ദൈവത്തിൻറെ മഹത്തായ ഒരു ദാനമാണ്. ദൈവത്തോടുള്ള നന്ദിയോടും ആദരവോടും കൂടി എല്ലാവരുടെയും നന്മയ്ക്കുവേണ്ടി ശ്രദ്ധാപൂർവ്വം ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ദൈവം മനുഷ്യവർഗ്ഗത്തിന് നൽകിയിരിക്കുന്ന ഒരു മഹത്തായ ദാനമാണ്. രണ്ടാമത്തെ തെറ്റിദ്ധാരണ: ഈ സൃഷ്ടപ്രപഞ്ചത്തിലെ സൃഷ്ടികൾക്ക് നമ്മുടെ എല്ലാ പ്രതീക്ഷകൾക്കും ഉത്തരമാകാൻ കഴിയും എന്ന ധാരണയിൽ അതിൽ മാത്രം ആശ്രയിക്കുക എന്ന മനോഭാവത്തിൽ നിന്ന് ഉരുതിരിയുന്നതാണ്. നമ്മൾ സൃഷ്ടാവിലേക്ക് തിരിക്കുകയും ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിൻറെ അടയാളമായി ഈ പ്രകൃതിയെ സ്വീകരിക്കുകയും ചെയ്യണം. പ്രകൃതിയെ നമ്മൾ ചൂഷണം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുമ്പോൾ ദൈവത്തോട് നമ്മൾ പറയുകയാണ്: “ദൈവം നൽകിയ ഈ ഗിഫ്റ്റ് എനിക്കിഷ്ടമല്ല, ഇത് നല്ലതല്ല” എന്ന്. അവിടെ ഞാൻ എന്നെ തന്നെ മാത്രമേ സ്നേഹിക്കുന്നുള്ളൂ എന്ന് വരുകയും അത് പാപം ആയിത്തീരുകയും ചെയ്യുന്നു. ദൈവം വിശ്വസിച്ച് നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഈ പ്രകൃതിയെ നല്ല കാര്യസ്ഥൻ എന്നവണ്ണം നാം ഉപയോഗിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

പ്രവർത്തനപദ്ധതി

1. വായു മലിനീകരണത്തെ ചെറുക്കുന്നതിന് നമുക്ക് എന്ത് ചെയ്യാനാകും എന്ന് പഠിക്കുന്നതിനും യൂണിറ്റിൽ അവതരിപ്പിക്കുന്നതിനും ഏതാനും പേരുടെ ഒരു കമ്മിറ്റി തെരഞ്ഞെടുക്കുക.
2. നമ്മുടെ കുടുംബ കൂട്ടായ്മക്ക് ചെയ്യാൻ കഴിയുന്ന ഫലവത്തായ ഒരു പദ്ധതി എങ്കിലും നടപ്പിലാക്കുക.
3. പ്രാവർത്തികമാക്കിയ പ്രവർത്തന പദ്ധതിയെക്കുറിച്ച് റിപ്പോർട്ട് ചെയ്തു അതിരൂപതയിൽ നിന്നും സമ്മാനം കരസ്ഥമാക്കുക

അതിരൂപതയുടെ കുടുംബകൂട്ടായ്മ കാര്യാലയത്തിലേക്കു റിപ്പോർട്ട് ചെയ്യുന്നതിന് :-

വായുമലിനകരണം ചെറുക്കുന്നതിന് നിങ്ങളുടെ കുടുംബയൂണിറ് 2019 ജൂൺ 01 നും ഓഗസ്റ്റ് 01 നും ഇടയിൽ ചെയ്ത പ്രവർത്തനം സത്യസന്ധമായി ½ പേജിൽ റിപ്പോർട്ട് എഴുതി ഒരു ഫോട്ടോ എങ്കിലും അറ്റാച്ച് ചെയ്ത് familyunitsekm@gmail.com -ലേക്ക് ഓഗസ്റ്റ് 15 ന് മുമ്പായി ഇമെയിൽ അയക്കുക.

1- സമ്മാനം : ₹ 5000
2- സമ്മാനം : ₹ 3000
3- സമ്മാനം : ₹ 1000

വിലയിരുത്തുന്ന മാനദണ്ഡങ്ങൾ : അംഗങ്ങളുടെ പങ്കാളിത്തം, പ്രവർത്തനത്തിന്റെ വ്യാപ്തി, വാലുമലിനകരണത്തിലുള്ള ഫലദായകത്വം, ആശയത്തിന്റെ നൂതനത.

ഫാ. രാജൻ പുന്നക്കൽ
ഡയരക്ടർ, കുടുബകൂട്ടായ്മ കാര്യാലയം
എറണാകുളം - അങ്കമാലി മേജർഅതിരൂപത